**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീമതി.കെ.ബി.സുജാത, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)2170/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.10.2017 ലെ ഉത്തരവും ശ്രീമതി.ഷീനമോൾ മാത്യു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം)2165/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.10.2017 ലെ ഉത്തരവും -നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ(സാധാ)നം.3441/2017/ആ.കു.വ                    തീയതി, തിരുവനന്തപുരം, 05.12.2017.

---

പരാമർശം: 1. ശ്രീമതി. കെ.ബി.സുജാത, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 സമർപ്പിച്ച 30.09.2017 ലെ അപ്പീൽ അപേക്ഷ.

2. ശ്രീമതി.ഷീനമോൾ മാത്യു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 സമർപ്പിച്ച 30.09.2017 ലെ അപ്പീൽ അപേക്ഷ.

3. ഒ.എ (ഇ.കെ.എം) 2170/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.10.2017 ലെ ഉത്തരവ്.

4. ഒ.എ (ഇ.കെ.എം) 2165/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.10.2017 ലെ ഉത്തരവ്.

5. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&ടി) 02.11.2017 ലെ ഇ.ജി2-53635/2017/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.കെ.ബി.സുജാത, ഗ്രേഡ് 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ടിയാളുടെ 2017 ലെ പൊതു സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച്, 24.08.2017 ലെ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&ടി) ഇജി2-53635/2017/ആ.വ.ഡ നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ആലപ്പുഴ ജില്ലയിലേക് സ്ഥലംമാറ്റുകയുണ്ടായി. എന്നാൽ 27.09.2017 ലെ ഉത്തരവ് പ്രകാരം ടിയാളെ വീണ്ടും എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. ടി ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ(ഇ.കെ.എം)2170/2017 നമ്പർ കേസ് ഫയൽ ചെയ്യുകയും, തന്നെ ആലപ്പുഴ ജില്ലയിലെ കന്തല്ലൂർ പി.എച്ച്.സിയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ടിയാളുടെ ഹോം സ്റ്റേഷൻ ആലപ്പുഴ ജില്ലയാണെന്നും, അപേക്ഷക എറണാകുളം ജില്ലയിൽ 4 വർഷവും 3 മാസവും ജോലി ചെയ്തിട്ടുണ്ട് എന്നും, റിട്ടയർമെന്റിന് 3 വർഷത്തിൽ കുറവ് സമയം മാത്രമേയുള്ളുവെന്നും, അപേക്ഷകയ്ക്ക് പകരം ഉദ്യോഗസ്ഥനെ ഇതുവരെ നിയമിച്ചിട്ടില്ല എന്നും കുടുംബത്തിന് വരുന്ന ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ആലപ്പുഴ ജില്ലയിലെ കന്തല്ലൂർ പി.എച്ച്.സിയിൽ നിലനിർത്തണമെന്നും ശ്രീമതി. കെ.ബി.സുജാത, അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

2. ശ്രീമതി.ഷീനമോൾ മാത്യു ഗ്രേഡ് 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ 27.09.2017 ലെ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&ടി) ഇജി2-53635/2017/ആ.വ.ഡ

നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ പി.എച്ച്.സി പുതുവൈപ്പിൽ നിന്നും പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റം ചെയ്യപ്പെട്ടുകയുണ്ടായി. ടി ഉത്തരവിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ(ഇ.കെ.എം)2165/2017 നമ്പർ കേസ് ഫയൽ ചെയ്യുകയും, തന്നെ എറണാകുളം ജില്ലയിലെ പുതുവൈപ്പ് പി.എച്ച്.സിയിൽ തുടരുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. എറണാകുളം ജില്ലയിൽ ടിയാൾ 3 വർഷം സർവ്വീസ് പൂർത്തീകരിച്ചിട്ടില്ലെന്നും, ടിയാളുടെ ഹോം സ്റ്റേഷൻ കോട്ടയം ജില്ലയിലാണെന്നും, ടിയാൾ വിധവയും രണ്ട് പെൺകുട്ടികളുടെ അമ്മയുമാണെന്നും, കൂടാതെ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിലുമാണെന്നും. മേൽ വസ്തുതകൾ കണക്കിലെടുത്ത് പാലക്കാട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്ത് എറണാകുളം ജില്ലയിലെ പി.എച്ച്.സി പുതുവൈപ്പിൽ തുടരുന്നതിനുള്ള അനുമതി നൽകണമെന്ന് ശ്രീമതി.ഷീനമോൾ മാത്യു തന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

3. ഒ.എ(ഇ.കെ.എം)2170/2017 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 3.10.2017 ലെ അന്തിമ ഉത്തരവിൽ ഒ.എ(ഇ.കെ.എം)2165/2017 നമ്പർ കേസിലെ അപേക്ഷകയായ ശ്രീമതി.ഷീനമോൾ മാത്യു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, പി.എച്ച്.സി, പുത്തൻ വൈപ്പ്, എറണാകുളം സമർപ്പിച്ച അപ്പീലിലും ഒ.എ (ഇ.കെ.എം) 2170/2017 നമ്പർ കേസിലെ അപേക്ഷകയായ ശ്രീമതി.കെ.ബി.സുജാത സമർപ്പിച്ച Annexure A5 അപ്പീലിലും കോടതി ഉത്തരവ് സർക്കാരിൽ ലഭിച്ച് ഒരു മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കണം എന്ന് ബഹു. ട്രിബ്യൂണൽ ഒന്നാം പ്രതിവാദിയായ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി.

4. ഒ.എ(ഇ.കെ.എം)2165/2017 നമ്പർ കേസിലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 3.10.2017 ൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും ശ്രീമതി.ഷീനമോൾ മാത്യുവിന്റെ അപ്പീലിൽ ഉത്തരവ് സർക്കാരിൽ ലഭിച്ച് ഒരു മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കണം എന്ന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ അപ്പീൽ അപേക്ഷകളിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. 2017 ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ആലപ്പുഴ ജില്ലയിലെ 3 സ്ഥാപനങ്ങളിലേക്കാണ് ശ്രീമതി. കെ.ബി.സുജാത അപേക്ഷ സമർപ്പിച്ചിരുന്നത്. അപ്രകാരം 24.08.2017 ലെ അന്തിമ ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടു. പക്ഷേ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവുകളുടേയും അപ്പീൽ അപേക്ഷകളുടേയും അടിസ്ഥാനത്തിൽ അപേക്ഷകയേക്കാൾ സീനിയറായവരേയും ആലപ്പുഴ ജില്ലയിലേക്ക് അനുവദിക്കുകയും ജില്ലയിൽ നില നിർത്തുകയും വേണ്ടി വന്നതിനാലാണ് അപേക്ഷകയേയും (സ്ഥലംമാറ്റ അപേക്ഷയിൽ മറ്റ് option രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ) അന്തിമ ലിസ്റ്റിലെ ജൂനിയറായവരേയും എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റേണ്ടി വന്നതെന്നും, അടുത്ത പൊതു സ്ഥലംമാറ്റ സമയത്ത് അപേക്ഷകയ്ക്ക് ആലപ്പുഴ ജില്ലയിലേക്ക് അപേക്ഷിച്ചാൽ മുൻഗണന നൽകാവുന്നതാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. വിധവ എന്ന പരിഗണനയിൽ ശ്രീമതി.ഷീനമോൾ മാത്യുവിനെ എറണാകുളം ജില്ലയിൽ തന്നെ നിലനിർത്താവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6. പരാമർശം 1,2 ലെ അപ്പീൽ അപേക്ഷകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ശ്രീമതി. കെ.ബി.സുജാതയേക്കാൾ സീനിയറായവരെ ആലപ്പുഴ ജില്ലയിലേക്ക് അനുവദിക്കുകയും ജില്ലയിൽ നില നിർത്തുകയും വേണ്ടി

വന്നതിനാലാണ് ടിയാളെയും അന്തിമ ലിസ്റ്റിലെ ജൂനിയറായവരേയും എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റേണ്ടി വന്നത് എന്ന് കാണുന്നു. ആയതിനാൽ ശ്രീമതി. കെ.ബി.സുജാതയുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിക്കുന്നു. അടുത്ത പൊതു സ്ഥലംമാറ്റ സമയത്ത് ശ്രീമതി. കെ.ബി.സുജാത ആലപ്പുഴ ജില്ലയിലേക്ക് അപേക്ഷിച്ചാൽ ടിയാൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. ശ്രീമതി.ഷീനമോൾ മാത്യുവിന്റെ അപ്പീൽ അപേക്ഷയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് ടിയാളുടെ പാലക്കാട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്ത് എറണാകുളം ജില്ലയിൽ നിലനിർത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

7. ശ്രീമതി. കെ.ബി.സുജാത, ശ്രീമതി.ഷീനമോൾ മാത്യു ഗ്രേഡ് 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അപ്പീൽ അപേക്ഷകൾ മേൽപറഞ്ഞത് പ്രകാരം തീർപ്പാക്കിക്കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം)2170/2017, ഒ.എ (ഇ.കെ.എം) 2165/2017 നമ്പർ കേസുകളിലെ 03.10.2017 ലെ ഉത്തരവുകൾ നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത.എൽ,**

അഡീഷണൽ സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ/എറണാകുളം/പാലക്കാട്.
ശ്രീമതി. കെ.ബി.സുജാത, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1,
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി.ഷീനമോൾ മാത്യു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1,
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Milay

സെക്ഷൻ ഓഫീസർ